# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1599** 07/03/2018 **ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എസ്.ശർമ്മ | **പിണറായി വിജയൻ** **(മുഖ്യമന്ത്രി)** |
| എ) 2016 മുതൽ നാളിതുവരെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽപ്പെട്ട എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ച് ഉത്തരവായെന്ന് വിവരം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (എ) & (ബി) മണ്ഡലം /വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല |
| (ബി) ഇതിൽ എത്ര പേർക്ക് ഇനിയും ധനസഹായം നൽകാനുണ്ടെന്ന വിവരം വില്ലേജ് തിരിച്ച് വിശദമാക്കാമോ; | |
| (സി) ധനസഹായം അനുവദിച്ച് ഉത്തര വായത് സംബന്ധിച്ച വിവരം അപേക്ഷകരെ അറിയിക്കുന്നതിനും ധനസഹായത്തുക നൽകുന്നതിലും കാലതാമസം നേരിടുന്നത് പരിഹരി ക്കാൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായ വിതര ണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകു പ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറി യിലേക്കും, ട്രഷറിയിൽ നിന്ന് നേരിട്ട് അപേ ക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗ ത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാകളക്ടർക്ക് നൽ കുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽ ദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവ ദിക്കപ്പെട്ട ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

Smitha. A. S.

സെക്ഷൻ ഓഫീസർ